# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 648    28/9/2016 -ൽ മറുപടിക്ക്

## കുടിവെള്ള വിതരണ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. ആർ.രാമചന്ദ്രൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കരുനാഗപ്പള്ളി മുൻസിപ്പാലിറ്റി, കുലശേഖരപുരം, ആലപ്പാട്ട്, തഴവ എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിനായി നിലവിലുള്ള പദ്ധതികളേതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) (1) ആലപ്പാട്ട്, ക്ലാപ്പന, ഓച്ചിറ, കരുനാഗപ്പള്ളി സമഗ്ര കുടിവെള്ള പദ്ധതി<br>ഈ പദ്ധതിയിൽ മേൽപ്പറഞ്ഞ മൂന്ന് പഞ്ചായത്തുകളും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയുമാണ് ഉള്ളത്. ഇതിലേക്ക് അച്ചൻകോവിൽ ആറിലെ ജലമാണ് ശുദ്ധീകരിച്ച് നൽകുന്നത്. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലും ആലപ്പാട് പഞ്ചായത്തിലും സമഗ്ര കുടിവെള്ള പദ്ധതിയെക്കൂടാതെ കുഴൽ കിണറുകളും (3 വീതം) പ്രവർത്തിക്കുന്നുണ്ട്.<br>(2) ഗ്രാമീണ ശുദ്ധജല പദ്ധതി, കുലശേഖരപുരം<br>നാല് കുഴൽ കിണറുകളിൽ നിന്നുള്ള ജലം മാത്രമാണ് ഈ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്.<br>(3) ഗ്രാമീണ ശുദ്ധജലപദ്ധതി, തഴവ<br>അഞ്ച് കുഴൽ കിണറുകളിൽ നിന്നുള്ള ജലം മാത്രമാണ് ഈ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്. |
| (ബി) | ഈ പ്രദേശത്ത് കുടിവെള്ള വിതരണം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അറ്റകുറ്റ പണികളുടെ സമയത്തും വൈദ്യുതി തടസ്സം നേരിടുമ്പോഴും കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) | ജപ്പാൻകുടിവെള്ള പദ്ധതിയിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്; | (സി) കരുനാഗപ്പള്ളി മണ്ഡലത്തിലെ ഒരു പ്രദേശവും ജപ്പാൻ സഹായത്തോടെ നടപ്പിലാക്കിയിട്ടുള്ള മീനാട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |

(ഡി) ഈ പ്രദേശത്ത് കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സമഗ്ര പദ്ധതി നടപ്പിലാക്കുമോ;

(ഇ) കുടിവെള്ളപദ്ധതികൾ നിലവിലില്ലാത്ത തഴവ, തൊടിയൂർ, കുലശേഖരപുരം എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തി സമഗ്ര കുടിവെള്ള പദ്ധതി തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) & (ഇ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയും ആലപ്പാട്, ക്ലാപ്പന, ഓച്ചിറ, കുലശേഖരപുരം, തഴവ, തൊടിയൂർ എന്നീ ആറുപഞ്ചായത്തുകളുമാണ് ഉള്ളത്. ഇതിൽ മുനിസിപ്പാലിറ്റിക്കും ആലപ്പാട്, ക്ലാപ്പന, ഓച്ചിറ എന്നീ പഞ്ചായത്തുകൾക്കും സമഗ്ര കുടിവെള്ള പദ്ധതി പ്രവർത്തിക്കുന്നുണ്ട്. കുലശേഖരപുരം, തഴവ, തൊടിയൂർ എന്നീ ശേഷിക്കുന്ന മൂന്ന് പഞ്ചായത്തുകൾക്കും കൂടി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സർവ്വേ ജോലികളുടെ പ്രാരംഭ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

JSK/